"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - വടകര താലൂക്ക് ഓഫീസ് വാടക കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനായുള്ള ഓഫീസ് സജ്ജീകരണത്തിന്റെ ഭാഗമായി സർക്കാർ അനുമതി കൂടാതെ വൈദ്യുതീകരണം നടത്തിയ നടപടി സാധൂകരിച്ചും പ്രസ്തുത പ്രവൃത്തിയ്ക്ക് ചെലവായ തുക ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1737/2024/RD തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.03.2022 തീയതിയിലെ എൽ.ആർ/2611/2022-എൽ.ആർ(എം1) നമ്പർ പ്രകാരമുള്ള നടപടി ക്രമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.04.2022 തീയതിയിലെ നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15.04.2024 തീയതിയിലെ എൽ.ആർ/2611/2022-എൽ.ആർ(എം1) നമ്പർ കത്ത്.
4. 14.06.2024 തീയതിയിലെ സ.ഉ. (സാധാ) നം. 4677/2024/ധന നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

വടകര താലൂക്ക് ഓഫീസ് തീപിടുത്തത്തിൽ പൂർണ്ണമായും കത്തി നശിക്കുകയും, തുടർന്ന് ടി ഓഫീസിന്റെ പ്രവർത്തനം പൂർണ്ണമായും വാടക കെട്ടിടത്തിലേക്ക് മാറ്റിയിട്ടുള്ളതുമാണ് എന്നും വാടക കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റുന്നതിനുള്ള സജ്ജീകരണത്തിന്റെ ഭാഗമായി വൈദ്യുതീകരണം നടത്തിയതിന് ചെലവായ 1,32,635/- (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി അറുന്നൂറ്റി മുപ്പത്തിയഞ്ച്) രൂപ 2053-00-093-99-17- എൻപി (വി) എന്ന ശീർഷകത്തിൽ കേരള ബഡ്ജറ്റ് മാന്വൽ ഖണ്ഡിക 95(3) പ്രകാരം അധിക ധനവിനിയോഗാനുമതിയായി അനുവദിക്കണമെന്ന്, ബന്ധപ്പെട്ട നടപടി ക്രമത്തിന്റെ പകർപ്പ് സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] പരാമർശം 4-ലെ സർക്കാർ ഉത്തരവ് പ്രകാരം 1,32,000/- (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ) 2053-00-093-99-17-എൻപി (വി) എന്ന ശീർഷകത്തിൽ അധികധനസഹായം മുഖേന അനുവദിച്ചിട്ടുണ്ട്.

3] മേൽ സാഹചര്യത്തിൽ, പൊതുജനങ്ങൾക്ക് അടിസ്ഥാന സേവനങ്ങൾ നൽകേണ്ട താലൂക്ക് ഓഫീസിന്റെ പ്രവർത്തനം സുഗമമായി നടത്തേണ്ട ഒരു അടിയന്തര സാഹചര്യത്തിലാണ് സ്വകാര്യ കെട്ടിടം വൈദ്യുതീകരിക്കേണ്ടി വന്നതെന്ന വസ്തുത കണക്കിലെടുത്ത് വടകര താലൂക്ക് ഓഫീസിന്റെ പ്രവർത്തനം വാടക കെട്ടിടത്തിലേക്ക് മാറ്റി സജ്ജീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ അനുമതി

കൂടാതെ വൈദ്യുതീകരണം നടത്തിയ നടപടി സാധൂകരിച്ചും പ്രസ്തുത പ്രവൃത്തിയ്ക്ക് ചെലവായ 1,32,635/- (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി അറുന്നൂറ്റി മുപ്പത്തിയഞ്ച്) രൂപ 2053-00-093-99-17 എൻ പി (വി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (16.06.2024 തീയതിയിലെ EXP-A1/258/2022-Fin പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Pushpavally B

സെക്ഷൻ ഓഫീസർ

Date: 26-07-2024 11:10:20